

# മുസ്‌ലിം സ്വത്വപ്രതിസന്ധി ചരിത്രവും വർത്തമാനവും

**“നോക്കൂ** അഛരാ!” കുഞ്ഞുണ്ണി പറഞ്ഞു.

“ആ പോത്തിനെ അടിക്കണെ കണ്ടോ?”

‘‘രണ്ട് പോത്തോളെ ഉണ്ണി കണ്ടില്ലേ?” അഛരൻ പറഞ്ഞു.

‘‘ശ്രദ്ധിച്ചോളൂ; വലത്തെ പോത്തിനാ അടി മുഴോനും. വലത്തെ കൈയ്യിലല്ലേ വണ്ടിക്കാരന്റെ വടി.”

“വലത്ത് എന്നും ഒരു പോത്തെ ന്ന്യാവോ, അഛരാ?”

“അതങ്ങനെ വരൂ, അതിന്റെ കർമ്മം ഏറ്റ് വാങ്ങാൻ അതവിടെ തന്നെ വന്നല്ലേ പറ്റൂ?”

(*ഗുരുസാഗരം*- ഒ.വി വിജയൻ)

മനുഷ്യന്റെ ജീവിതപ്രയാണത്തെ കിതച്ചോടുന്ന വണ്ടിക്കാളയോടുപമിച്ചാൽ വലത്ത് പൂട്ടിയ കാളയുടെ സ്ഥാനമായിരിക്കും ഇന്ന് മുസ്‌ലിം സമൂഹത്തിന്. ‘വിപ്പിംഗ് ബോയ്’ എന്ന ഇംഗ്ലീഷ് പ്രയോഗത്തെ അന്വർഥമാക്കുംവിധം രാഷ്ട്രീയ-സാമൂഹിക ചർച്ചകളിലെ ‘തല്ലു കൊള്ളികൾ’ ഇന്ന് മുസ്‌ലിംകളാണ്. വ്യവഹാര കൂട്ടങ്ങളിൽനിന്ന് നീളുന്ന കൂർത്ത നോട്ടത്തിൽ അപകർഷിതരായി തങ്ങളിലേക്ക് ന്യൂനീകരിക്കപ്പെട്ട ഒരു വിഭാഗം. ചരിത്രപരമായി ദേശീയതയിൽനിന്ന് അപരവത്കരിച്ച സാമ്പ്രദായിക അസ്പൃശ്യതകൾ അണയാത്ത ഉമിത്തീ കണക്കെ ഇന്നും അവരെ ചുട്ടുപൊള്ളിക്കുന്നു. ഏതൊരു അന്യവത്കൃത സമൂഹത്തിനോടും ഉണ്ടാകാവുന്ന ദേശീയ വിവേചനങ്ങൾ നിമിത്തം വൈജ്ഞാനികമായും സാമ്പത്തികമായും അവർ ക്ഷയോന്മുഖരായി. അതിനാൽ തന്നെ മറനീക്കി പുറത്തുവരുന്ന വിവേചനങ്ങളുടെ സമീപകാല പഠനങ്ങൾ ചരിത്രത്തിന്റെ അനിവാര്യമായ പ്രതിഫലനങ്ങൾ മാത്രമാണ്.

പോസ്റ്റ് മോഡേൺ വ്യവഹാരത്തിൽ ഇടം നേടിയ സ്വത്വ രാഷ്ട്രീയത്തിന്റെ ഭാഗമെന്ന നിലക്ക് മുസ്‌ലിം കേന്ദ്രീകൃത പഠനങ്ങൾക്ക് വിശാലമായൊരു പ്ലാറ്റ്ഫോം പൊതുമണ്ഡലത്തിൽ രൂപം പ്രാപിച്ചിട്ടുണ്ട്. അതിന്റെ പ്രത്യക്ഷങ്ങൾ സാഹി

തങ്ങളുടെ താടിയും തലപ്പാവും മുനവെച്ച നോട്ടങ്ങൾക്ക് വിധേയമാകുന്ന മുദ്രണങ്ങളാണെന്നത് ഓരോ മുസ്‌ലിം വ്യക്തിയെയും അലോസരപ്പെടുത്തുന്നുണ്ട്. ദേശക്കൂറ് പോലും പൊതുധാരയെ ബോധ്യപ്പെടുത്തേണ്ട ഒന്നാണെന്നത് മുസ്‌ലിം സംഘടനകളെയും വ്യക്തികളെയും ചൂഴ്ന്നുനിൽക്കുന്നു. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന ഇത്തരം പ്രശ്നങ്ങളുടെ ആധാരമെന്തെന്ന രാഷ്ട്രീയാന്വേഷണം നമ്മെ കൊണ്ടെത്തിക്കുക ചരിത്രത്തിലേക്കാണ്.

ത്യാദി എഴുത്തിലും മറ്റും ദർശിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ചതുർഥിയോടെ വീക്ഷിക്കുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന വിഷലിപ്തമായ വിശകലനങ്ങൾ മുഖ്യധാരാ ആനുകാലികങ്ങളിൽ അച്ച് നിരത്തപ്പെടുന്നു എന്നേടത്തേക്ക് ഇത്തരം 'മാപ്പിള പഠനങ്ങൾ' പുരോഗമിക്കുന്നു. വളക്കൂറുള്ള മണ്ണിൽ വേരുകളാഴ്ത്തി പിടിച്ചുനിൽക്കാൻ ചില ഉദ്യമങ്ങളുണ്ടെങ്കിലും വ്യവസ്ഥാപിത ചരിത്ര ഭാഷ്യങ്ങൾക്ക് വെള്ളെഴുത്ത് ബാധിച്ചവർ നൽകുന്ന അംഗീകാരങ്ങൾ ശ്രമങ്ങളെ പിന്നോട്ടടിപ്പിക്കുന്നുണ്ട്. മുസ്‌ലിംപക്ഷ മർമരങ്ങൾ ഏതെങ്കിലും കോണിൽ പൊങ്ങുമ്പോഴേക്കും മതേതരത്വമെന്ന ശംഖൊലി മുഴക്കി, മുസ്‌ലിം പ്രീണനമെന്ന ഉമ്മാക്കി കാട്ടി ഭയപ്പെടുത്താനുള്ള നീക്കങ്ങൾ സജീവമാണ്. ഗുജറാത്താനന്തര ഇന്ത്യയിൽ മുസ്‌ലിം അരക്ഷിതാവസ്ഥയെ എടുത്തുകാട്ടി രംഗത്തുവന്ന കെ.ഇ.എന്നിനെ ചൂണ്ടി 'നിങ്ങൾ അവനെ ഒന്ന് ചൊറിഞ്ഞു നോക്കൂ അവനിൽ ഒരു കുഞ്ഞഹമ്മദ് ഒളിഞ്ഞിരിപ്പുണ്ട്' എന്ന വിലയിരുത്തൽ ഉപര്യുക്ത ലളിതയുക്തികളിൽ പെട്ടതാണ്.

തങ്ങളുടെ താടിയും തലപ്പാവും മുനവെച്ച നോട്ടങ്ങൾക്ക് വിധേയമാകുന്ന മുദ്രണങ്ങളാണെന്നത് ഓരോ മുസ്‌ലിം വ്യക്തിയെയും അലോസരപ്പെടുത്തുന്നുണ്ട്. ദേശക്കൂറ് പോലും പൊതുധാരയെ ബോധ്യപ്പെടുത്തേണ്ട ഒന്നാണെന്നത് മുസ്‌ലിം സംഘടനകളെയും വ്യക്തികളെയും ചൂഴ്ന്നുനിൽക്കുന്നു. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന ഇത്തരം പ്രശ്നങ്ങളുടെ ആധാരമെന്തെന്ന രാഷ്ട്രീയാന്വേഷണം നമ്മെ കൊണ്ടെത്തിക്കുക ചരിത്രത്തിലേക്കാണ്.

### ദേശീയമായ സ്വത്വപ്രതിസന്ധി

"നമ്മുടെ ദേശീയതയുടെ മതാത്മക ഉള്ളടക്കത്തെ വെളിപ്പെടുത്തുന്ന പുകഴ്പെറ്റ ഒരു സംജ്ഞയുണ്ട്. ദേശീയ മുസ്‌ലിം. ഖാൻ അബ്ദുൽ ഗഫൂർ ഖാനോ അബുൽ കലാം ആസാദോ അബ്ദുർറഹ്മാൻ സാഹിബോ ദേശീയ മുസ്‌ലിമായി പരിഗണിക്കപ്പെടുന്നതുപോലെ മഹാത്മാ ഗാന്ധിയോ സർദാർ പട്ടേലോ കെ. കേളപ്പനോ ദേശീയ ഹിന്ദുവായി പരിഗണിക്കപ്പെടില്ല. ഹിന്ദു സ്വാഭാവികമായും ദേശീയമായിരിക്കുമ്പോൾ മുസ്‌ലിം ദേശീയതയുടെ അപരങ്ങളിലൊന്നായി നിലകൊള്ളുന്നു. അതുകൊണ്ട് ഒരു മുസ്‌ലിമിനെ സംബന്ധിച്ച് ദേശീയത സ്വാഭാവികമല്ലെന്ന് സങ്കൽപിക്കപ്പെടുന്നു" ('ബ്രാഹ്മണ്യം, ദേശീയത, ഇടതുപക്ഷം-ചില വർത്തമാനങ്ങൾ'-സുനിൽ പി ഇളയിടം, *മാതൃഭൂമി* ആഴ്ചപ്പതിപ്പ് 2006 ഒക്ടോബർ, ലക്കം 34).

പത്തൊമ്പതാം നൂറ്റാണ്ടോടു കൂടിയാണ് ദേശീയത ഒരാശയമായി ലോകമാകെ വികസിക്കുന്നത്. ഇതിന്റെ പ്രധാന ഘടകം കൊളോണിയൽ വിരുദ്ധ ചിന്തയായിരുന്നു. ഇന്ത്യൻ ദേശീയതയുടെ വളർച്ചയിലും കൊളോണിയൽ വിരുദ്ധ പോരാട്ടത്തിന്റെ ശക്തമായ സ്വാധീനമുണ്ടായിരുന്നു. സ്വാതന്ത്ര്യസമര കാലത്ത് അനായാസം എടുത്തുപയോഗിച്ച ഈ പദാവലി പക്ഷേ ഭസ്മാസുര വരം പോലെ ഇന്ത്യൻ മതനിരപേക്ഷതയെ തന്നെ പിടികൂടിയെന്നതാണ് വൈരുധ്യം. സത്യത്തിൽ ബഹുമത പശ്ചാത്തലത്തിൽ നിന്നായിരുന്നു ഇന്ത്യൻ ദേശീയത രൂപം പ്രാപിക്കേണ്ടിയിരുന്നത്. ആര്യേതരമായ അതിപ്രാചീന സംസ്കാരവും വൈദിക സംസ്കാരവും തമ്മിലുണ്ടായ സംശ്ലേഷണത്തിലൂടെയാണ് ഇന്ത്യൻ സംസ്കാരം വളർന്ന് വികാസം പ്രാപിച്ചത്. ആ സംസ്കാരത്തിന് ഹിന്ദുക്കൾ മാത്രമല്ല, മുസ്‌ലിംകളും ക്രിസ്ത്യാനികളും പാർസികളും എല്ലാം സംഭാവനകൾ നൽകിയിട്ടുണ്ട്. അതിനാൽ ദേശീയതയുടെ ചോദ്യമുന്നയിക്കുമ്പോൾ ഇസ്‌ലാം എന്നെഴുതിയാൽ തെറ്റാകുന്നത് പോലെ ഹിന്ദുത്വം എന്നെഴുതിയാലും തെറ്റാകേണ്ടതാണ്. എന്നാൽ പ്രയോഗതലത്തിൽ ദേശീയത= ഹിന്ദുത്വം എന്ന് വ്യവഹരിക്കപ്പെടുംവിധം മുസ്‌ലിംകൾ പാർശ്വവത്കരിക്കപ്പെടുകയും ചെയ്യുന്നു. ഇവിടെയാണ് ദേശീയതക്ക് ചരിത്രാഖ്യാനങ്ങളോടും ചരിത്രത്തിന് കൊളോണിയൽ ജ്ഞാന പദ്ധതിയോടുമുള്ള നാഭീനാള ബന്ധങ്ങൾ വെളിവാകുന്നത്.

> കൊളോണിയൽ ഭരണ സംവിധാനങ്ങളുടെയും സാമ്രാജ്യത്വവിരുദ്ധ സമരങ്ങളുടെയും ബ്രാഹ്മണികമായ ദേശീയ ഭാവനകളുടെയും കൂടിക്കലർപ്പിലൂടെയാണ് ദേശീയതയും അതിന്റെ ഭൗതികാസ്പദങ്ങളും ഇവിടെ വേരുപിടിച്ചത്. സാമ്രാജ്യത്വവിരുദ്ധ ജനകീയ എഴുത്തുകാർക്ക് ഇതിനെതിരായ ഒരു ബദൽ സാംസ്കാരികതയെ വികസിപ്പിച്ചെടുക്കാൻ കഴിയാതെയും വന്നു. തന്മൂലം ദേശീയതയുടെ പൊതുമണ്ഡലം ബ്രാഹ്മണ - സവർണ പ്രത്യയശാസ്ത്രത്തിന്റേതായി മൂടുറക്കുകയും ചെയ്തു.

കൊളോണിയൽ ഭരണ സംവിധാനങ്ങളുടെയും സാമ്രാജ്യത്വവിരുദ്ധ സമരങ്ങളുടെയും ബ്രാഹ്മണികമായ ദേശീയ ഭാവനകളുടെയും കൂടിക്കലർപ്പിലൂടെയാണ് ദേശീയതയും അതിന്റെ ഭൗതികാസ്പദങ്ങളും ഇവിടെ വേരുപിടിച്ചത്. സാമ്രാജ്യത്വവിരുദ്ധ ജനകീയ എഴുത്തുകാർക്ക് ഇതിനെതിരായ ഒരു ബദൽ സാംസ്കാരികതയെ വികസിപ്പിച്ചെടുക്കാൻ കഴിയാതെയും വന്നു. തന്മൂലം ദേശീയതയുടെ പൊതുമണ്ഡലം ബ്രാഹ്മണ-സവർണ പ്രത്യയശാസ്ത്രത്തിന്റേതായി വേരുറക്കുകയും ചെയ്തു.

ദേശീയതയുടെ രംഗപ്രവേശത്തോടെ ഇന്ത്യൻ ബൗദ്ധിക സമൂഹം നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി ചരിത്ര വിജ്ഞാനത്തിന്റെ അഭാവമായിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ചരിത്ര നിർമാണത്തിന് ദേശീയ-പ്രാദേശിക ഭരണകൂടങ്ങൾ ഔത്സുക്യം പ്രകടിപ്പിക്കുന്നതും ഇതിനാലാണ്. എന്നാൽ സജീവമുറ്റിയ ഇത്തരം നീക്കങ്ങൾ ആധുനികവും സവർണപരവുമായ ദേശ-രാഷ്ട്ര നിർമിതിക്കുതകുന്ന വൈജ്ഞാനിക സ്വരൂപമായി പരിണമിക്കുകയായിരുന്നു. ഏതൊരു വിജ്ഞാനശാഖയെയും പോലെ ചരിത്രത്തിനും ആവശ്യമായിട്ടുള്ളത് സത്യാധിഷ്ഠിതമായ അന്വേഷണമായിരുന്നു. ആധുനികമായ ഏതൊരു വിഭാഗത്തിനും അതിലധിവസിക്കുന്ന ജനതക്കും പാരമ്പര്യ തുടർച്ചയും പൗരാണികതയും കൽപിച്ചു നൽകി ഏകാത്മകമായൊരു സ്വത്വബോധത്തിലേക്ക് അവരെ എത്തിക്കുന്നതിൽ ചരിത്രം വിജയിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ സംഭവിച്ചത് യൂറോപ്പിനെ കേന്ദ്രമാക്കുന്ന ലോകാവബോധത്തിന്റെ നിർമാണ സാമഗ്രികളിലൊന്നായി, കോളനീകരണത്തിന്റെ ജ്ഞാന മണ്ഡലമായി ചരിത്രം വഴിമാറിപ്പോയി എന്നതാണ്.

ചരിത്രം കോളനി ഭരണവുമായി പ്രത്യയശാസ്ത്ര വേഴ്ചയിലേർപ്പെട്ടതിനെ തുടർന്നുണ്ടായ പരികൽപനകൾ പിൽക്കാല ഭാരതീയ ജീവിതത്തിൽ വിസ്ഫോടകമായ സ്വാധീനം ചെലുത്തി. വർഗീയാടിസ്ഥാനത്തിൽ ഇന്ത്യയെ വിഭജിക്കുകയും എന്നിട്ടതിനെ ഹിന്ദു ഘട്ടം, മുസ്‌ലിം ഘട്ടം, ബ്രിട്ടീഷ് ഘട്ടം എന്ന് നാമകരണം ചെയ്ത് വൈദേശിക ചരിത്രകാരന്മാർ വിഷബീജങ്ങൾക്ക് വിളനിലമൊരുക്കുകയായിരുന്നു. ക്രിസ്തു വർഷം പന്ത്രണ്ടാം ശതകം വരെയുള്ള കാലത്തെ ഹിന്ദു ഘ

ട്ടമായും പന്ത്രണ്ട്-പതിനേഴ് നൂറ്റാണ്ടുകളെ മുസ്‌ലിം ഘട്ടമായും തുടർന്നുള്ള കാലത്തെ ബ്രിട്ടീഷ് ഘട്ടമായും വർഗീകരിച്ചവർ, പിൽക്കാലത്ത് ഇന്ത്യയുടെ ദേശീയ ജീവിതത്തിൽ പടർന്നു കയറിയ വർഗീയ പ്രവണതകൾക്ക് ദാർശനികമായ അടിത്തറയൊരുക്കി എന്ന വിലയിരുത്തലിൽ ഒട്ടും അതിശയോക്തിയില്ല. മുസ്‌ലിം ഘട്ടം എന്ന നാമകരണം വഴി സാമ്രാജ്യത്വ ചരിത്ര രചനാ പദ്ധതി, ഇന്ത്യാ ചരിത്രത്തിലും പാശ്ചാത്യ മാതൃകക്കിണങ്ങുന്ന ഒരു മധ്യയുഗത്തെ പ്രതിഷ്ഠിക്കുകയായിരുന്നു. പിന്നീട് ഓറിയന്റലിസ്റ്റ് പ്രേരണയുടെ പിൻബലത്തോടെ ഇന്ത്യയുടെ സുവർണ ഭൂതകാലത്തെ സൃഷ്ടിച്ചെടുത്ത ദേശീയ ചരിത്ര രചയിതാക്കൾ പ്രസ്തുത സുവർണദശയുടെ സമ്പൂർണ നാശത്തിന് നിമിത്തമായ ഇരുണ്ട യുഗമായി ഇസ്‌ലാമിക ഘട്ടത്തെ പുനരാനയിച്ചു. ഇതോടെ ഹൈന്ദവ ഭരണത്തിന്റെ ഒരു സുവർണ യുഗവും ഇസ്‌ലാമിക ഭരണത്തിന്റെ ഇരുണ്ട യുഗവും ഇന്ത്യാ ചരിത്രത്തിലെ സജീവ സാന്നിധ്യമായി.

കൊളോണിയൽ രചനയിലൂടെ രൂപംകൊണ്ട ഈ വീക്ഷണഗതിയുടെ ഇന്നത്തെ പിന്തുടർച്ചക്കാർ ഏകാത്മ ദേശീയതയിലും സാംസ്കാരിക ദേശീയതയിലും ഊറ്റംകൊള്ളുന്ന ഹൈന്ദവ ഫാഷിസ്റ്റുകളാണ്. ഭാരതത്തിന്റെ പൗരാണിക മഹിമയെക്കുറിച്ചും അതിനെ തകർത്തുകളഞ്ഞ മുസ്‌ലിം ഇടപെടലുകളെക്കുറിച്ചും ഇന്നലെകളിലെ സുവർണയുഗം വീണ്ടെടുക്കുന്നതിനെക്കുറിച്ചും ഒച്ചവെക്കുന്ന വർഗീയവാദികൾ സത്യത്തിൽ സാമ്രാജ്യത്വ ജ്ഞാനപദ്ധതികളെ അതേപടി ആവർത്തിക്കുകയാണ് ചെയ്യുന്നത്. ഭാരതീയരുടെ മൗലികതയിലും മഹത്വത്തിലും ആവേശം കൊള്ളുന്ന ഇവർ തീർത്തും വൈദേശികവും ദേശവിരുദ്ധവുമായ ഒരു ചരിത്ര വീക്ഷണത്തെയാണ് വാദിച്ചുറപ്പിക്കുന്നതും ഹീനമായ അക്രമ പരമ്പരകളിലൂടെ സാധൂകരിച്ച് പോരുന്നതും.

## കുപ്രചാരണങ്ങളുടെ ഓറിയന്റൽ രീതികൾ

കൊളോണിയൽ ചരിത്രാഖ്യാനങ്ങളോട് പ്രത്യക്ഷത്തിൽ വിയോജിപ്പ് പ്രകടിപ്പിക്കുന്ന ഇന്ത്യൻ പണ്ഡിതന്മാരുടെ ഒരു കൂട്ടായ്മ പതിനെട്ടാം ശതകത്തിന്റെ അവസാനത്തിൽ സജീവമായി. ഇന്ത്യയിലെ ഭരണ നിർവഹണത്തിന് ഇന്ത്യയുടെ പ്രാചീന സംസ്കാരത്തെയും ജീവിതക്രമീകരണങ്ങളെയും സസൂക്ഷ്മം പഠിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കിയ ഈസ്റ്റ് ഇന്ത്യാ കമ്പനി ഉദ്യോഗസ്ഥരും കൊളോണിയൽ പ്രഭൃതികളുമായിരുന്നു ഇവരിൽ ഭൂരിഭാഗവും. 1784-ൽ 'ഏഷ്യാറ്റിക് സൊസൈറ്റി' എന്ന സംഘടന കൂടി പൗരസ്ത്യ പഠനങ്ങൾക്ക് മുതിർന്നതോടെ ഈ പഠനമേഖല കുറേകൂടി സജീവമായി. ഭാരതീയ പാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും സവിശേഷതകൾ കണ്ടെത്തുന്നതിനുള്ള ഗവേഷണങ്ങൾ ഇത്തരം ഇൻഡോളജിസ്റ്റുകളെ മതത്തിന്റെയും തത്ത്വചിന്തയുടെയും ഭൂമികയിലേക്ക് നയിച്ചു. ഇതേ കാലഘട്ടത്തിൽ തന്നെ യൂറോപ്പിന്റെ സാമൂഹിക ജീവിതത്തിലുണ്ടായ വ്യവസായ വിപ്ലവവും യന്ത്രവത്കരണവും പൗരസ്ത്യ പഠനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകുന്നുണ്ട്. നാടുവാഴിത്തത്തിന്റെ ശാന്തതയിൽ അഭിരമിച്ചിരുന്ന യൂറോപ്യൻ കുലീന പ്രഭുക്കളുടെ ആഭിജാത്യ ഭാവനകളുടെ അടിത്തറ ഇളക്കിയ യന്ത്രവത്കരണം, സ്വസ്ഥതയുടെ പുതിയ മേച്ചിൽ പുറങ്ങൾ കണ്ടെത്താൻ അവരെ പ്രേരിപ്പിക്കുന്നുണ്ട്. ഇതിലൂടെ യൂറോപ്യരുടെ നഷ്ടസ്വപ്നങ്ങൾക്ക് ചേക്കേറാനുതകുന്ന താവളങ്ങളിലൊന്നായി കിഴക്കിന്റെ ലോകം മാറുകയായിരുന്നു. ഇന്ത്യയിൽ ഒരിക്കൽ പോലും വന്നിട്ടില്ലാത്ത മാക്സ് മുള്ളർ തന്റെ പേര് സംസ്കൃതവത്കരിച്ച് 'മോക്ഷ മൂലർ' എന്ന് ഉപയോഗിക്കുന്നതും, ഇന്ത്യയെ ആത്മീയതയുടെ ആവാസ ഗുഹയായി അവതരിപ്പിക്കുന്നതും ഇക്കാലയളവിലാണ്.

തങ്ങളുടെ പാരമ്പര്യത്തിന്റെയും ഭൂതകാലത്തിന്റെയും മുഖം രൂപപ്പെടുത്തിയെടുക്കുന്നതിന് പൗരസ്ത്യവാദികൾ ഇന്ത്യയുടെ ഭൂതകാല മഹിമയെക്കുറിച്ച് പ്രകീർത്തനം സജീവമാക്കിയപ്പോൾ ഇന്ത്യാ ചരിത്രത്തിന്റെ വർഗീയ നിർമിതിയിൽ അത് സുപ്രധാനമായ പങ്കാണ് വഹിച്ചത്. കൊളോണിയൽ ചരിത്രകാരന്മാരുടെ ഇടപെടലുകളിലൂടെ ഇന്ത്യയുടെ പ്രാചീന കാലം ഹൈന്ദവമാണെന്ന ധാരണ ചേക്കേറിയിരുന്ന മനോമണ്ഡലങ്ങളിൽ പൗരസ്ത്യവാദികൾ സൃഷ്ടിച്ചെടുത്ത ഭൂതകാല സുവർണയുഗത്തെ ചേർത്തുവെക്കുക അയത്നലളിതമായ കാര്യമായിരുന്നു. ഭാരതീയ സംഘർഷങ്ങളെയെല്ലാം മൂടിവെക്കുകയും അതിനെ വൻതോതിൽ ആദർശവത്കരിക്കുകയും ചെയ്ത ഓറിയന്റലിസ്റ്റ് സമീപനം യാഥാസ്ഥിതിക ഹിന്ദുത്വത്തിനും അങ്ങേയറ്റം പഥ്യമായിത്തീർന്നു. വേദങ്ങളുടെ പ്രാമാണികതക്ക് ലഭിച്ച പരോക്ഷമായ ഒരു പിന്തുണയായാണ് യാഥാസ്ഥിതിക ഹിന്ദുത്വം ഓറിയന്റലിസ്റ്റ് നിലപാടുകളെ വീക്ഷിച്ചത്. അതോടെ ഹൈന്ദവയുഗം ഇന്ത്യാ ചരിത്രത്തിലെ സുവർണയുഗമായിത്തീർന്നു. ഈ യുഗത്തെ തുടർന്നെത്തിയ ഇസ്‌ലാമിക ഭരണം ഇന്ത്യയുടെ ഹൈന്ദവ മഹിമയെ തകർത്തതായും സങ്കൽപിക്കപ്പെട്ടു. കൊളോണിയൽ കാഴ്ചപ്പാടുകളിലൂടെയും മറ്റും രൂപപ്പെട്ടുവന്നിരുന്ന ഹിന്ദു-മുസ്‌ലിം സംഘട്ടനമെന്ന ആശയത്തിൽ പൗരസ്ത്യവാദികൾ കൂടി ഉൾചേർന്നതോടെ ഹിന്ദു-മുസ്‌ലിം ശത്രുത എന്ന ആശയത്തിലേക്ക് അത് വികാസം പ്രാപിച്ചു.

## കൊളോണിയൽ പഠനങ്ങളെ കടമെടുക്കുന്നു

സാമ്രാജ്യവാദികളും പൗരസ്ത്യവാദികളും ചേർന്നൊരുക്കിയ വാർപ്പുമാതൃകകളിൽനിന്ന് വിടുതി നേടിക്കൊണ്ടല്ല ദേശീയവാദികളായ ചരിത്രകാരന്മാർ രചനയിലേർപ്പെട്ടത്. തന്നിമിത്തം ഇന്ത്യാ ചരിത്രത്തെ സംബന്ധിച്ച് കൊളോണിയൽ ജ്ഞാന പദ്ധതികളിൽ ആവർത്തിച്ചുറപ്പിക്കപ്പെട്ട വിവരങ്ങൾ ഇവരുടെ ചിന്തകളിലും സ്വാധീനം ചെലുത്തി. മതത്തെ അടിസ്ഥാനമാക്കിയുള്ള വിഭജനം, പൗരാണിക ഭൂതകാലത്തിന്റെ പ്രകീർത്തനം, മധ്യകാലത്തെ ഇരുണ്ടയുഗമായി പരിഗണിക്കുന്ന പ്രവണത എന്നിവയെല്ലാം ദേശീയവാദികൾ തൊണ്ട തൊടാതെ വിഴുങ്ങി. ദേശാഭിമാന പ്രചോദിതമെന്ന പേരിൽ വിളംബരം ചെയ്ത ഇത്തരം രചനാ ശ്രമങ്ങൾ വസ്തുതകളെ പരിഗണിക്കാതെ അബദ്ധജടിലമായ നിഗമനങ്ങൾ വെളിവാക്കുകയും അന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ അതെല്ലാം സാമ്രാജ്യബോധത്തിന്റെ നില കൈവരിക്കുകയും ചെയ്തു. ഇന്ത്യൻ നാഗരിക

മതത്തെ അടിസ്ഥാനമാക്കിയുള്ള വിഭജനം, പൗരാണിക ഭൂതകാലത്തിന്റെ പ്രകീർത്തനം, മധ്യകാലത്തെ ഇരുണ്ടയുഗമായി പരിഗണിക്കുന്ന പ്രവണത എന്നിവയെല്ലാം ദേശീയവാദികൾ തൊണ്ട തൊടാതെ വിഴുങ്ങി. ദേശാഭിമാന പ്രചോദിതമെന്ന പേരിൽ വിളംബരം ചെയ്ത ഇത്തരം രചനാ ശ്രമങ്ങൾ വസ്തുതകളെ പരിഗണിക്കാതെ അബദ്ധജടിലമായ നിഗമനങ്ങൾ വെളിവാക്കുകയും അന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തിൽ അതെല്ലാം സാമ്രാജ്യബോധത്തിന്റെ നില കൈവരിക്കുകയും ചെയ്തു.

ജീവിതത്തെ പാശ്ചാത്യ പാരമ്പര്യത്തോട് തുലനം ചെയ്ത ബാലഗംഗാധര തിലകൻ ഇന്ത്യൻ ഭൂതകാല മഹിമയുടെ സാധൂകരണത്തിനുതകുംവിധം ഋഗ്വേദത്തിന്റെ കാലം ബി.സി നാലായിരത്തിനപ്പുറത്തേക്ക് കൊണ്ടുപോയി. ഭാരതീയ സംസ്കൃതിയോട് അങ്ങേയറ്റം ആദരവ് വെച്ചു പുലർത്തിയിരുന്ന മാക്സ് മുള്ളർ പോലും ബി.സി രണ്ടാം സഹസ്രാബ്ദത്തിന്റെ മധ്യഘട്ടത്തോട് ചേർന്നാണ് ഋഗ്വേദത്തിന്റെ കാലം നിർണയിച്ചതെന്ന വസ്തുതയൊന്നും ബാലഗംഗാധര തിലകന് തടസ്സമായില്ല. ഇതോടെ ആര്യവംശത്തിന്റെ ഉൽപത്തി സ്ഥാനം ഇന്ത്യയാണെന്നും അവർ ഇവിടെനിന്ന് ലോകമെമ്പാടും പരന്നതാണെന്നും പ്രചരിപ്പിക്കപ്പെട്ടു.

ഏകാത്മകമായൊരു രാഷ്ട്ര സത്തയെ ജീവിത വ്യവഹാരങ്ങളുടെ ബഹുത്വത്തിൽനിന്ന് കണ്ടെടുത്ത് അതിനെ ദേശീയമായ ആത്മ ബോധത്തിന്റെ അടിത്തറയാക്കി എന്നത് തദ്ദേശീയ ചരിത്ര ഭാഷ്യക്കാരുടെ എക്കാലത്തെയും മേനിനടിക്കലാണ്. എന്നാൽ ഉപര്യുക്ത ബഹുത്വത്തിൽനിന്ന് ഒന്നിനെ കണ്ടെടുക്കുകയോ പലപ്പോഴും പുതുതായൊന്നിനെ നിർമിച്ചെടുക്കുകയോ ചെയ്ത് അതിന് അധീശത്വം നൽകിക്കൊണ്ടും മറ്റു പലതിനെയും പാർശ്വവത്കരിച്ച് കൊണ്ടുമാണ് ഇത്തരം ചരിത്രവൽക്കരണം സാധ്യമായത്. കൊളോണിയൽ, ഓറിയന്റൽ, ദേശീയ മുക്കൂട്ട് മുന്നണികൾ ജന്മം നൽകിയ ഇത്തരം പരികൽപനകൾ ഹിന്ദു/മുസ്ലിം ദ്വന്ദ്വത്തെ ദൃഢീകരിക്കാൻ ഉപയുക്തമായിത്തീർന്നു. ഭാരതീയമെന്നത് മഹനീയവും പുരാതനവുമായ സാംസ്കാരിക നാഗരികതയുടെ യുഗമാണെന്നും ഇസ്ലാം അവിടെ മലീമസമാക്കാൻ ഇഴഞ്ഞ് കയറിയ ക്ഷുദ്രജീവിയാണെന്നും ചിത്രീകരിക്കപ്പെട്ടു. 'നീയല്ലെങ്കിൽ പിന്നെ നിന്റെ വല്യുപ്പയാണെടാ' എന്ന മട്ടിൽ ഇന്നും ഇന്ത്യൻ മുസ്ലിംകളുടെ നേർക്ക് ഇത്തരം മുരൾച്ചകൾ ഉയർന്നുകൊണ്ടിരിക്കുന്നു.

## പുനരാഖ്യാനങ്ങളുടെ ആവശ്യകത

ദേശീയത എന്നത് ഒരു വ്യവഹാരാത്മക സ്വരൂപമാണെന്നും ഒരു ജ്ഞാന രൂപമെന്ന നിലയിൽ ചരിത്രം ദേശീയതയുടെ രൂപവൽകരണത്തിലും വളർച്ചയിലും സുപ്രധാനമായൊരു പങ്ക് വഹിക്കുന്നുണ്ടെന്നും അധീശ ശക്തികൾക്കെതിരായി പ്രതിരോധം രൂപപ്പെടുത്തുന്നതിൽ ചരിത്രത്തിന് നിർണായകമായ പങ്കുണ്ടെന്നും വിലയിരുത്തപ്പെടേണ്ടതുണ്ട്. സ്ഥാപനവത്കരിക്കപ്പെട്ട ചരിത്രാഖ്യാനങ്ങളിൽ തമസ്കരിക്കപ്പെട്ടുപോയ ഏതൊരു വിഭാഗത്തെയും ദേശീയതയിലേക്ക് ഉൾച്ചേർത്ത് വിപുലപ്പെടുത്താനുള്ള ശ്രമങ്ങളുണ്ടാവണം. മുസ്ലിം സ്വത്വ പ്രതിസന്ധിയുടെ പിന്നാമ്പുറത്തുള്ള വർഗീയ ധാരണകളെ ഇഴകീറി പരിശോധിക്കാനുള്ള ശ്രമം മതനിരപേക്ഷമായ സമൂഹ നിർമിതിക്ക് കനത്ത ഈട് വെപ്പാകും എന്നതിൽ സംശയമില്ല. ചരിത്രം, സംസ്കാരം, നാഗരികത എന്നിങ്ങനെയുള്ള സാമ്പ്രദായിക ജ്ഞാന ശാസ്ത്ര സങ്കൽപങ്ങളെയും അവയെ അടിസ്ഥാനപ്പെടുത്തി അധീശ ജനതാൽപര്യസംരക്ഷണത്തിനു വേണ്ടി നിർമിക്കപ്പെട്ടിട്ടുള്ള പ്രത്യയശാസ്ത്ര സ്വരൂപങ്ങളെയും ഉപകരണങ്ങളെയും അട്ടിമറിക്കാനുള്ള ധീരതക്ക് സമകാലിക ലോകത്ത് വേണ്ടുവോളം പ്രസക്തിയുണ്ട്.

ഇസ്ലാമിനെയും ഇന്ത്യയിലെ മറ്റൊരു ന്യൂനപക്ഷ മതമായ ക്രൈസ്തവതയെയും തുലനം ചെയ്യുമ്പോൾ ഇസ്ലാം ഉന്നമാക്കപ്പെട്ടതുപോലെ ക്രിസ്തുമതം അധിക്ഷേപമേറ്റില്ല എന്ന് കാണാൻ കഴിയും. ചരിത്രപരമായി വേർതിരിക്കുമ്പോൾ മുസ്ലിംകൾ തങ്ങളിലേക്കുതന്നെ ന്യൂനീകരിക്കപ്പെട്ട ജനതയായത് ഇതിനൊരു കാരണമാണെന്ന് കണ്ടെത്താനാവും. ക്രിസ്തുമതം അതിന്റെ പൗരോഹിത്യാധിപത്യം നിലനിർത്തിക്കൊണ്ട് ബഹുസ്വരതയെ ഒരു പരിധിവരെയെങ്കിലും ഉൾക്കൊണ്ടിട്ടുണ്ട്. ആരാധനാ മന്ദിരങ്ങൾക്ക് പുറത്ത്, വിദ്യാഭ്യാസ, ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ഇന്ത്യൻ പൊതു സമൂഹത്തിന് വാതായനങ്ങൾ തുറന്നിട്ട് ക്രിസ്തുമതം ഒരു ലിബറൽ മുഖം പ്രകടമാക്കി. എന്നാൽ അന്ധമായ സാമുദായിക സങ്കുചിതങ്ങളുടെ നീർചുഴികളിൽ കുടുങ്ങി, ആത്മവിശ്വാസം നഷ്ടപ്പെട്ട മുസ്ലിംകൾ തങ്ങളിലേക്ക് മാത്രമായി ചുരുങ്ങുകയാണുണ്ടായത്.



ഇന്ത്യൻ സ്വാതന്ത്ര്യസമര വേളയിൽ മാതൃകയാക്കാവുന്ന തരത്തിൽ ഒരു ബഹുസഹവർത്തിത്വം രൂപപ്പെട്ടിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ നായക പദവിയോളമെത്തിയ മൗലാനാ അബുൽകലാം ആസാദിന്റെ നെടുനായകത്വത്തിൽ ദേശീയതയുടെ മുഖ്യധാരയുമായി മുസ്ലിംകൾ കണ്ണി ചേർന്ന ഘട്ടമാണിത്. രാഷ്ട്ര ജീവിതത്തിലെ വർഗീകരണ ശ്രമങ്ങളെ കൈകാര്യം ചെയ്യാൻ തക്ക രാഷ്ട്രീയ പക്വത ഇന്ത്യക്കാർക്കില്ലെന്ന സാമ്രാജ്യത്വ ആരോപണത്തെ നേരിടാൻ ഹിന്ദു-മുസ്ലിം ഐക്യം രൂപപ്പെടേണ്ടതിന്റെ ആവശ്യകതയും ചരിത്രത്തിൽനിന്ന് അത് കണ്ടെത്തേണ്ടതിന്റെ പ്രാധാന്യവും ആസാദ് എടുത്തു പറഞ്ഞു. ഇന്ത്യൻ പൊതുധാരയിൽ സക്രിയമായി നടത്തിയ ഈ ഇടപെടലുകളാണ് ഒരു വേള ഖിലാഫത്ത് പ്രസ്ഥാന കാലയളവിൽ ഹിന്ദു-മുസ്ലിം ഏകതാ ബോധത്തെ അതിന്റെ പാരമ്യത്തിലെത്തിക്കുന്നത്. എന്നാൽ ഖിലാഫത്ത് പ്രസ്ഥാനത്തിനു ശേഷം മുസ്ലിം പണ്ഡിതന്മാർ ദേശീയവാദ ചരിത്രം ഉന്നയിച്ച ഇസ്ലാമിക ആക്രമണം പോ

ക്രിസ്തു വർഷം പന്ത്രണ്ടാം ശതകം വരെയുള്ള കാലത്തെ ഹിന്ദു ഘട്ടമായും പന്ത്രണ്ട്-പതിനേഴ് നൂറ്റാണ്ടുകളെ മുസ്ലിം ഘട്ടമായും തുടർന്നുള്ള കാലത്തെ ബ്രിട്ടീഷ് ഘട്ടമായും വർഗീകരിച്ചവർ, പിൽക്കാലത്ത് ഇന്ത്യയുടെ ദേശീയ ജീവിതത്തിൽ പടർന്നു കയറിയ വർഗീയ പ്രവണതകൾക്ക് ദാർശനികമായ അടിത്തറയൊരുക്കി എന്ന വിലയിരുത്തലിൽ ഒട്ടും അതിശയോക്തിയില്ല.

ലുള്ള വാദമുഖങ്ങൾക്ക് മറുപടി നൽകാൻ തുനിയുന്നുണ്ട്. യുക്തിബോധത്തോടും ആസൂത്രണ മനോഭാവത്തോടും നടത്തേണ്ടിയിരുന്ന പ്രസ്തുത ഉദ്യമങ്ങൾക്ക് പക്ഷേ, ഇടുങ്ങിയ സാമുദായിക വർണം നൽകപ്പെട്ടു. ഇതോടെ മുസ്‌ലിം ചരിത്ര രചനയിൽ ബ്രിട്ടീഷ് വിരോധത്തിന്റെയെന്ന പോലെ ഹിന്ദു വിരോധത്തിന്റെയും മുഖം തെളിഞ്ഞുവന്നു. ദേശീയ ചരിത്രകാരന്മാർ ഒരുഭാഗത്ത് ഇന്ത്യയുടെ പൗരാണിക പ്രകീർത്തനങ്ങളിൽ മുഴുകിയപ്പോൾ, മുസ്‌ലിം ചരിത്ര പണ്ഡിതന്മാർ ഇന്ത്യക്ക് പുറത്ത് ഇസ്‌ലാം കൈവരിച്ച നേട്ടങ്ങൾ വിവരിക്കാനാണ് ഔത്സുക്യം കാണിച്ചത്. ഇതാകട്ടെ, മുസ്‌ലിംകൾ ഇന്ത്യൻ ദേശീയതയിലും സംസ്കാരത്തിലും വിശ്വാസമില്ലാത്തവരാണെന്ന ആരോപണത്തിന് ശക്തി പകർന്നു. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള ഏകതയും അവർ പങ്കുപറ്റിയ പൊതുജീവിതവുമാണ് വൈജാത്യങ്ങളെക്കാൾ പ്രധാനമെന്ന് കൃതഹസ്തരായ മുസ്‌ലിം രചയിതാക്കൾ പറയുമ്പോൾ തന്നെ, അതിനെ തകിടം മറിക്കുന്ന തരത്തിൽ സവിശേഷമായ സാംസ്കാരിക സ്വത്വത്തിന്റെ ഉടമകളായ ഒരു പ്രത്യേക വിഭാഗമാണ് തങ്ങളെന്ന് സാമുദായിക ചരിത്രാഖ്യായകരും അവകാശപ്പെട്ടു. ഇങ്ങനെ ദേശീയതയിൽ രൂപപ്പെട്ട മതാത്മകമായ ചേരിതിരിവുകൾ ഒടുവിൽ വിഭജന വാദത്തിനുള്ള സൈദ്ധാന്തിക ഭൂമികയൊരുക്കുകയും ചെയ്തു.

വിഭജനാനന്തര ഇന്ത്യയിലെ മുസ്‌ലിം വ്യക്തികളും സംഘടനകളും പേറേണ്ടിവന്ന സ്വത്വ പ്രതിസന്ധിയിലാണ് കൂനിന്മേൽ കുരുവെന്നപോലെ വിഭജന വാദത്തിന്റെ വിത്തുകൾ മുളപൊട്ടിയത്. മുസ്‌ലിംകൾ അവകാശം പറ്റിപ്പോയവരാണെന്നും അവശേഷിച്ചവരെയൊന്നും ഇന്ത്യൻ ദേശീയ സീമയുടെ വൃത്തത്തിൽ സമന്വയിപ്പിക്കേണ്ടതില്ലെന്നും തീരുമാനിച്ചുറപ്പിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ■